പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2823 **28-10-2026-ൽ മറുപടിയ്ക്ക്**

ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) സമുദ്രവിഭവങ്ങളുടെ സുസ്ഥിര വിനിയോഗം, മത്സ്യബന്ധന മേഖലയുടെ വികസനം, തീരദേശ ജനങ്ങളുടെ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യമിട്ട് ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: മത്സ്യമേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന് കീഴിൽ ബ്ലൂ ഇക്കോണമി സെൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത സെൽ രൂപീകരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും അതിന്റെ പ്രവർത്തനപരിധി ഏതെല്ലാമാണെന്നും വിശദമാക്കാമോ;

മറുപടി: മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകമായ ആഴക്കടൽ മത്സ്യബന്ധനം, സമുദ്ര മത്സ്യ കൂട് കൃഷി, കടൽ പായൽ കൃഷി, മത്സ്യ സംസ്കരണം, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും, മത്സ്യ ബന്ധന തുറമുഖങ്ങളുടെ നവീകരണം, സംയോജിതമായ ശീതീകരണ സംവിധാനം തുടങ്ങിയ പദ്ധതികൾ, മേഖലയുടെ ഏകോപിത വികസനത്തിനായി, ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുള്ള നടപടികൾ ബ്ലൂ ഇക്കോണമി സെൽ മുഖേന സ്വീകരിച്ചു വരുന്നു.

(സി) മത്സ്യബന്ധനം, മത്സ്യസംസ്കരണം, സമുദ്രഗവേഷണം, സമുദ്രവിഭവാധിഷ്ഠിത വ്യവസായങ്ങൾ, സമുദ്രവിനോദസഞ്ചാരം തുടങ്ങിയ മേഖലകളുടെ ഏകോപിത വികസനത്തിനായി ഈ സെൽ മുഖേന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകമായ ആഴക്കടൽ മത്സ്യബന്ധനം, സമുദ്ര മത്സ്യ കൂട് കൃഷി, കടൽ പായൽ കൃഷി, മത്സ്യ സംസ്കരണം, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും, മത്സ്യ ബന്ധന തുറമുഖങ്ങളുടെ നവീകരണം, സംയോജിതമായ ശീതീകരണ സംവിധാനം തുടങ്ങിയ പദ്ധതികൾ, മേഖലയുടെ ഏകോപിത വികസനത്തിനായി, ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുള്ള നടപടികൾ ബ്ലൂ ഇക്കോണമി സെൽ മുഖേന സ്വീകരിച്ചു വരുന്നു.

(ഡി) മത്സ്യത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> ബ്ലൂ ഇക്കോണമി സെൽ-ലൂടെ, മത്സ്യത്തൊഴിലാളികൾ, സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ രൂപീകരിച്ചിട്ടുള്ള ബ്ലൂ ഇക്കോണമി സെൽ, വിപുലീകരിക്കുന്നതും, മേൽപരാമർശിച്ച പദ്ധതികൾക്ക് ആവശ്യമായ രൂപരേഖ തയ്യാറാക്കി അനുമതിക്ക് വിധേയമായി നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം സമയബന്ധിതമായി നടപ്പിലാക്കുന്നതും, ബ്ലൂ ഇക്കോണമി വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികൾക്ക ഊന്നൽ നൽകുന്നതുമാണ്.

സെക്ഷൻ ഓഫീസർ